# OSSAE HALF YEARLY EXAM
## CLASS VII

1) താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏതാണ്?
1) യിസ്രായേലിലെ ന്യായാധിപന്മാർ ഇടയന്മാരായി ദൈവ ജനത്തെ നയിച്ചു.
2) യിസ്രായേലിലെ ന്യായാധിപന്മാർ ന്യായപാലനം ചെയ്തു.
3) വോട്ടെടുപ്പിലൂടെയാണ് അവർ തിരഞ്ഞെടുക്കപ്പെട്ടത്.
4) ജനങ്ങളെ സംരക്ഷിക്കുവാൻ അവർ പരിശുദ്ധാത്മ പ്രചോദിതരായി.

2) യിസ്രായേലിൽ ന്യായപാലനം ചെയ്ത ഏക സ്ത്രീ ആരാണ്?
1) ഹന്നാ
2) റൂത്ത്
3) എസ്ഥേർ
4) ദെബോരാ

3) 'യെരുബ്ബാൽ' എന്ന മറുപേര് ഗിദെയോന് ലഭിച്ചതിന് കാരണമെന്താണ്?
1) അദ്ദേഹം അനേകം കവിതകൾ രചിച്ചു.
2) അനേകം ആരാധനാകേന്ദ്രങ്ങൾ നിർമിച്ചു.
3) ബാൽ വിഗ്രഹങ്ങളെ തകർത്തതിനാൽ.
4) ബാൽ വിഗ്രഹങ്ങളെ അദ്ദേഹം ആരാധിച്ചു.

4) താഴെ പറയുന്നവയിൽ ശമൂവേലിന്റെ പ്രത്യേകത ഏതാണ്?
1) യിസ്രായേലിന്റെ ആദ്യത്തെ ന്യായാധിപൻ.
2) അഹരോന്യ പൗരോഹിത്യത്തെ നിന്ന് അല്ലാതെ വന്ന അവസാനത്തെ പുരോഹിതൻ.
3) യിസ്രായേലിന്റെ ആദ്യ രണ്ട് രാജാക്കന്മാരെ വാഴിച്ചു.
4) യെരുശലേം ദേവാലയത്തിന്റെ സ്ഥാപകൻ.

5) ..............................................യാഗത്തെക്കാളും, ....................................മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത് (പൂരിപ്പിക്കുക).
1) അനുസരിക്കുന്നത്, ആരാധിക്കുന്നത്
2) അനുസരിക്കുന്നത്, വിനീതരാകുന്നത്
3) അനുസരിക്കുന്നത്, ശ്രദ്ധിക്കുന്നത്
4) ആരാധിക്കുന്നത്, വിനീതരാകുന്നത്

6) ശമുവേൽ പ്രവാചകന്റെ മാതാപിതാക്കൾ?
1) ദെബോരായും ലപ്പീദോത്തും
2) ഏല്ക്കാനായും പെനിനയും
3) ശിംശോനും ദെലീലയും
4) ഏല്ക്കാനായും ഹന്നയും

7) 'ശമുവേൽ' എന്ന പേരിന്റെ അർഥം എന്ത്?
1) ദൈവം കേട്ടു.
2) കുട്ടിയ്ക്കായി അപേക്ഷിച്ചു.
3) ശേമിന്റെ മകൻ.
4) എലിയുടെ സുഹൃത്ത്.

8) താഴെ പറയുന്നവയിൽ രാജ്യത്വത്തിൽ നിന്നും ശൗൽ തള്ളപ്പെടാനുള്ള കാരണമെന്താണ്?

1) ദൈവം തന്ന കൃപകളെ മറന്ന് അഹങ്കരിച്ച ജീവിച്ചു.
2) ശൗൽ സ്വന്ത ഇഷ്ടങ്ങളും താല്പര്യങ്ങളും തീരുമാനങ്ങളുംക്കി ദൈവത്തിന്റെ ഇഷ്ടത്തിൽ നിന്നും അകന്നു.
3) ശൗൽ ദൈവത്തിന്റെ കല്പനകൾ പ്രമാണിച്ചില്ല.
4) മുകളിൽ പറയുന്നതെല്ലാം കാരണങ്ങളാണ്.

9) ശൗൽ രാജാവിന്റെ ഗോത്രം ഏതാണ്?
1) ബെന്യാമിൻ
2) യൂദാ
3) രൂബേൻ
4) ലേവി

10) താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏതാണ്?
1) യിസ്രായേലിന്റെ ആദ്യത്തെ രാജാവാണ് ശൗൽ.
2) ദൈവിക കല്പന പ്രകാരം ശമുവേൽ പ്രവാചകൻ ശൗലിനെ അഭിഷേകം ചെയ്തു.
3) യഹോവക്ക് നേർന്നത് അനുസരിക്കാൻ ശൗൽ തയ്യാറായി.
4) ശമുവേൽ പ്രവാചകന്റെ ഉപദേശത്തെ ശ്രദ്ധിക്കാൻ ശൗൽ വിസമ്മതിച്ചു.

11) ദാവീദിന്റെ പിതാവിന്റെ പേരെന്താണ്?
1) ശൗൽ
2) യിശ്ശായി
3) ജോസെഫ്
4) നാഥാൻ

12) ദാവീദിനെതിരെ മത്സരിച്ച മകൻ ആരാണ്?
1) അബീമേലെക്
2) അബീശായി
3) അബ്നേർ
4) അബ്ശാലോം

13) ദാവീദിനെ ജനനേതാവാക്കിയത് എന്താണ്?
1) കൊട്ടാരത്തിലെ കിന്നരം വായനക്കാരനായുള്ള നിയമനം.
2) ശൗലിനും യോനാഥാനും മേൽ നേടിയ വിജയം.
3) ഗൊല്യാത്തിന്റെ മേൽ നേടിയ വിജയം.
4) ശൗലിന്റെ അസൂയ.

14) താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന തിരഞ്ഞെടുക്കുക.
1) ശമുവേൽ പ്രവാചകനാണ് ശലോമോനെ അഭിഷേകം ചെയ്തത്.
2) യിസ്രായേലിന്റെ മൂന്നാമത്തെ രാജാവാണ് ശലോമോൻ.
3) ശലോമോന്റെ മാതാപിതാക്കൾ ദാവീദ് രാജാവും ബെത്തശേബയുമാണ്.
4) ശലോമോൻ ജ്ഞാനിയും മികച്ച ഭരണകർത്താവുമായിരുന്നു.

15) ഭരണാധികാരി എന്ന നിലയിൽ ശലോമോന്റെ നേട്ടമെന്താണ്?
1) അന്യദൈവാരാധന നടപ്പിലാക്കി.
2) രാജ്യത്തിൻറെ അതിർത്തി വർധിപ്പിക്കുകയും സമ്പത്ത് കൊണ്ടുവരികയും ചെയ്തു.
3) വടക്കേ ഇസ്രായേല്യരോട് കരുതലില്ലായ്മ.
4) രാജ്യം രണ്ടായി വിഭജിച്ചു.

16) 'ശലോമോൻ' എന്ന പേരിന്റെ അർത്ഥം എന്താണ്?
1) ജ്ഞാനമുള്ളവൻ
2) ശക്തിയുള്ളവൻ
3) കാരുണ്യമുള്ളവൻ
4) സമാധാനമുള്ളവൻ

17) "ഞങ്ങൾക്കുള്ള കർത്താവെ......."എന്ന ഗീതം ചൊല്ലുന്നതെപ്പോൾ?
1) സൂത്താറ
2) പ്രഭാതം
3) മൂന്നാം മണി
4) ആറാം മണി

18) "ഞങ്ങൾക്കുള്ള കർത്താവെ......." എന്ന ഗീതം രചിച്ചതാര്?
1) മാർ അപ്രേം
2) മാർ ബാലായി
3) മാർ അബ്രഹാം
4) മാർ ബസേലിയോസ്

19) താഴെ നല്കിയിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏതാണ്?
1) ഏകത്തിൽ ത്രിത്വവും, ത്രിത്വത്തിൽ ഏകവുമായി സത്യേകം സ്ഥിതി ചെയ്യുന്നു.
2) പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യേക ദൈവത്തിലാണ് നാം വിശ്വസിക്കുന്നത്.
3) മൂന്ന് ദൈവങ്ങളിലാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്.
4) പിതൃ പുത്ര പരിശുദ്ധാത്മാവ് എന്ന സത്യേക ദൈവം ഒന്നായി വസിക്കുന്നു.

20) താഴെ പറയുന്ന പ്രസ്താവനകളിൽ ദൈവത്തെ 'പിതാവ്' എന്ന് അഭിസംബോധന ചെയ്യുന്നതുമായി ബന്ധമില്ലാത്തത് ഏത്?
1) നാം ദൈവത്തിന്റെ മക്കളാണ്.
2) ദൈവത്തിന്റെ അടുക്കൽ മക്കളെന്ന നിലയിൽ സ്വാതന്ത്ര്യത്തോടെ ചെല്ലാനുള്ള അവകാശം നമുക്ക് നൽകി.
3) തന്റെ മക്കളുമായി വളരെ അടുപ്പമുള്ള ബന്ധമാണ് ദൈവം പ്രതീക്ഷിക്കുന്നത്.
4) നാം ദൈവത്തിന്റെ അടിമകളാണ്.

21) "ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് ..........................ആയിരിക്കുന്നതുപോലെ, നിങ്ങളും ..........................................."(പൂരിപ്പിക്കുക).
1) കാരുണ്യവാൻ, സൽഗുണസമ്പൂർണ്ണരാകുവീൻ
2) സൽഗുണസമ്പൂർണ്ണൻ, സൽഗുണസമ്പൂർണ്ണരാകുവീൻ
3) സൽഗുണസമ്പൂർണ്ണൻ, കാരുണ്യമുള്ളവരാകുവീൻ
4) കാരുണ്യവാൻ, കാരുണ്യമുള്ളവരാകുവീൻ

22) താഴെ പറയുന്നവയിൽ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ നിന്നെ വിളിക്കുന്നു....." എന്ന പ്രാർത്ഥനയുമായി ബന്ധമില്ലാത്തത് ഏതാണ്?
1) മൂന്നാം മണി നേരത്താണ് ഈ പ്രാർത്ഥന ചൊല്ലുന്നത്.
2) നമ്മുടെ കുടുംബാരാധന ക്രമത്തിൽ ഈ പ്രാർത്ഥനയുണ്ട്.
3) ദൈവത്തിൽ സമ്പൂർണമായ ആശ്രയം വെളിവാക്കുന്നതാണ് ഈ പ്രാർത്ഥന.
4) വി. കന്യക മറിയാമിന്റെയും വിശുദ്ധരുടെയും മധ്യസ്ഥത അഭ്യർത്ഥിച്ചാണ് ഈ പ്രാർത്ഥന അവസാനിപ്പിക്കുന്നത്.

23) "നിന്നാൾ സ്തുതായൊടു രാജമകൾ..." എന്ന ഗീതം ഏതു ഭാഗത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്?
1) സങ്കീർത്തനം 45:9-11

2) സങ്കീർത്തനം 23:2-3
3) സങ്കീർത്തനം 50:6-9
4) സങ്കീർത്തനം 41:1-5

24) 'കൊലോ' എന്ന പദത്തിന്റെ അർഥം എന്താണ്?
1) സംഗീതം
2) ശബ്ദം
3) പ്രസംഗം
4) ആവർത്തനം

25) 'മോറിയോ റാഹേം മേലൈൻ ഉ ആദാറെൻ' എന്നതിന്റെ അർത്ഥമെന്താണ്?
1) കർത്താവേ, കരുണ ചെയ്ത് ഞങ്ങളെ സഹായിക്കേണമേ.
2) കർത്താവേ, കൃപ ചെയ്ത് ഞങ്ങളെ സഹായിക്കേണമേ.
3) കർത്താവേ, കരുണ ചെയ്യണമേ.
4) ആദി മുതൽ എന്നേക്കും തന്നെ.

26) താഴെ പറയുന്നവയിൽ തെറ്റായ പരാമർശം ഏതാണ്?
1) വി. കന്യക മറിയം ദൈവത്തിന്റെ അമ്മയാണെന്ന് നാം വിശ്വസിക്കുകയുംപഠിപ്പിക്കുകയും ചെയ്യുന്നു.
2) കർത്താവിന്റെ സ്ഥാനം മാതാവിനോ മറ്റാർക്കോ സഭ നൽകിയിട്ടില്ല.
3) വി. കന്യക മറിയാമിനെ ഓർക്കുന്നത് ഓർത്തഡോക്സ് ആരാധനയുടെ അവിഭാജ്യഘടകമല്ല.
4) തന്റെ ഏകജാതനായ മകനോട് നമുക്കായി പ്രാർത്ഥിക്കാൻ വി. കന്യകാമറിയാമിനോട് നാം അപേക്ഷിക്കുന്നു.

27) താഴെ പറയുന്നവയിൽ മാർത്തോമാ ശ്ലീഹായുടെ ഭാരത പ്രവേശനവുമായി ബന്ധമില്ലാത്ത വാമൊഴി ഏതാണ്?
1) റമ്പാൻ പാട്ട്
2) മാർഗം കളിപ്പാട്ട്
3) വീരടിയാൻ പാട്ട്
4) നാടോടി പാട്ട്

28) എന്താണ് 'തോമാപർവ്വം'?
1) ചരിത്ര സ്മാരകം.
2) മാർത്തോമാ ക്രിസ്ത്യാനികളുടെ ഒരു വാമൊഴി.
3) പുരാതനമായ ഒരു ചുമർചിത്രം.
4) മാർത്തോമാ ക്രിസ്ത്യാനികളുടെ ആസ്ഥാനം.

29) 'സ്തൗമെൻ കാലോസ്' എന്ന പ്രഖ്യാപനത്തിന്റെ അർഥം എന്താണ്?
1) നാം ഉറക്കെ പാടണം.
2) നാം നല്ലവണ്ണം നിൽക്കണം.
3) എല്ലാവർക്കും ഇരിക്കാം.
4) മദ്ബഹയിലേക്ക് നോക്കുക.

30) വി. കുർബാനയുടെ പ്രാരംഭ ഭാഗം ഏതാണ്?
1) വചന ശുശ്രൂഷ
2) അപ്പത്തിന്റെ ശുശ്രൂഷ
3) അപ്പത്തിന്റെയും വീഞ്ഞിന്റെയും ശുശ്രൂഷ
4) വിശ്വാസികളുടെ ശുശ്രൂഷ

31) പ്രൊമിയോൻ-സെദറാ പ്രാർത്ഥനകളുടെ സമയത്ത് ശ്രദ്ധയോടെ നിൽക്കേണ്ടുന്നതിന്റെ കാരണമെന്താണ്?
1) ഇത് ധ്യാനത്തിനുള്ള സമയമാണ്.
2) ഇത് ആത്മസമർപ്പണത്തിനുള്ള സമയമാണ്.
3) ഇത് പാപപരിഹാരത്തിനും അനുരഞ്ജനത്തിനുമുള്ള സമയമാണ്.
4) മുകളിൽ പറഞ്ഞതെല്ലാം ശരിയാണ്.

32) 'പ്രൊമിയോൻ' എന്ന വാക്കിന്റെ അർഥം?
1) അവസാനം
2) ആരാധനാ
3) ആമുഖം
4) പ്രാർത്ഥന

33) താഴെ പറയുന്നവയിൽ ഉപവാസത്തിനുള്ള ഏറ്റവും ഉത്തമമായ നിർവചനം ഏതാണ്?
1) സുഹൃത്തുക്കളോടും ബന്ധുക്കളോടുമൊപ്പം ഒരു ദിവസം ചിലവഴിക്കുക.
2) ഭക്ഷണം വെടിഞ്ഞു ഒരു ദിവസം ദൈവസംസർഗ്ഗത്തിൽ ചിലവഴിക്കുക.
3) ഒരു ദിവസം ദേവാലയത്തിൽ ചിലവഴിക്കുക.
4) ദേവാലയങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും സന്ദർശിക്കുക.

34) താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏതാണ്?
1) സമ്പത്തും സാമൂഹിക ഉന്നതിയും നേടാൻ ഉപവാസം സഹായിക്കും.
2) ഉപവസിക്കുമ്പോൾ ഭക്ഷണം ഉപേക്ഷിച്ചു പ്രാർത്ഥന, വേദവായന, ധ്യാനം എന്നിവയ്ക്ക് സമയം ചെലവിടുന്നു.
3) ഉപവാസത്തിലൂടെ ദുർചിന്തകൾ, ദുർവികാരങ്ങൾ എന്നിവയിൽ നിന്നും മോചനം ലഭിക്കുന്നു.
4) ഉപവാസം ആത്മീയ വളർച്ചയ്ക്ക് ഇടയാക്കുന്നു.

35) താഴെ പറയുന്നവയിൽ സഭയിലെ കാനോനിക നോമ്പും അവ ആചരിക്കേണ്ട തീയതിയും തമ്മിലുള്ള ബന്ധം കൃത്യമല്ലാത്തത് ഏതാണ്?
1) മൂന്ന് നോമ്പ്- ഫെബ്രുവരി 1 മുതൽ 3 വരെ
2) ശ്ലീഹ നോമ്പ്- ജൂൺ 16 മുതൽ 29 വരെ
3) ദൈവമാതാവിന്റെ നാമത്തിലുള്ള നോമ്പ്- ആഗസ്റ്റ് 1 മുതൽ 15 വരെ
4) യൽദോ നോമ്പ്- ഡിസംബർ 1 മുതൽ 25 വരെ

36) പൗരസ്ത്യ കാതോലിക്കമാർ സ്വീകരിച്ചിരിക്കുന്ന സ്ഥാനപേരെന്താണ്?
1) ഇഗ്നാത്തിയോസ്
2) ബസേലിയോസ്
3) ഇവാനിയോസ്
4) ഗ്രീഗോറിയോസ്

37) താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന ഏതാണ്?
1) കപ്പദോക്യൻ പിതാക്കന്മാർ മഹാന്മാരായ വേദശാസ്ത്രജ്ഞന്മാരായിരുന്നു.
2) കപ്പദോക്യൻ പിതാക്കന്മാർ വേദവിപരീതങ്ങളെ എതിർത്തു.
3) സത്യവിശ്വാസത്തിനു കപ്പദോക്യൻ പിതാക്കന്മാർ അടിസ്ഥാനമിട്ടു.
4) കപ്പദോക്യൻ പിതാക്കന്മാർ ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു.

38) വലിയ മാർ ബസേലിയോസ് ജനിച്ചത് എവിടെയാണ്?
1) ഏഷ്യാമൈനറിലെ സ്മിർണയിൽ
2) സിറിയയിലെ അന്ത്യോക്യയിൽ

3) കൈസര്യയിലെ പോന്തോസിൽ
4) ഏഷ്യമൈനറിലെ എഫെസൊസിൽ

39) ആരോഗ്യത്തെ കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ നിർവചനം എന്താണ്?
1) ശാരീരികവും മാനസികവും അദ്ധ്യാത്മികവുമായ സന്തുലിതാവസ്ഥ.
2) വൈകാരികവും ബൗദ്ധികവും ശാരീരികവുമായ സന്തുലിതാവസ്ഥ.
3) സാമൂഹികവും വൈകാരികവും ശാരീരികവുമായ സന്തുലിതാവസ്ഥ.
4) വൈകാരികവും മാനസികവും ആത്മീകവുമായ സന്തുലിതാവസ്ഥ.

40) ആരോഗ്യകരമായ ശീലങ്ങളിൽ ഉൾപെടാത്തത് ഏത്?
1) വൃത്തിയുണ്ടായിരിക്കുക
2) നല്ല ഭക്ഷണം കഴിക്കുക
3) കായിക വിനോദങ്ങളിൽ ഏർപ്പെടുക
4) ശാരീരികമായ ആലസ്യം